## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി ഉത്തരവ്

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - ഫെയർകോപ്പി സൂപ്രണ്ടുമാരുടെ സ്ഥലംമാറ്റം/സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം : 1. ശ്രീമതി ആൻസി ജോസഫിന്റെ 04.04.2018-ലെ അപേക്ഷ
2. ഈ കാര്യാലയത്തിലെ 20.06.2018-ലെ ഇതേ നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ സി3/18/2017/ഡി.പി.ഐ. തീയതി 18.07.2018**

തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ ഫെയർകോപ്പി സൂപ്രണ്ടായ ***ശ്രീമതി ആൻസി ജോസഫിനെ*** കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ 30.06.2018-ൽ ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി കെ.വി ജയയുടെ ഒഴിവിൽ സ്ഥലംമാറ്റി നിയമിക്കുന്നു.

ചുവടെ പറയുന്ന സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിനെ 1958-ലെ കെ.എസ്.&എസ്.എസ്.ആർ. ഭാഗം-2 ചട്ടം-31(എ)1 പ്രകാരം സ്ഥാനക്കയറ്റം നൽകി 30700-65400/- രൂപ ശമ്പള സ്കെയിലിൽ ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | റാങ്ക് നമ്പർ | പേര് & കാര്യാലയം | ജനന തീയതി | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം | ഒഴിവിന്റെ സ്വഭാവം |
|---|---|---|---|---|---|
| 1 | 147 / 1986-97 | ശ്രീമതി കെ.ജെ വിൻസി, വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, എറണാകുളം | 14.04.1972 | വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം | ശ്രീമതി ആൻസി ജോസഫിന് സ്ഥലംമാറ്റം ലഭിച്ച ഒഴിവ് |

സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരിയെ ബന്ധപ്പെട്ട മേലധികാരികൾ വിടുതൽ ചെയ്യേണ്ടതും ജോലിയിൽ പ്രവേശിച്ച/വിടുതൽ ചെയ്ത വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതു മാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട മേലധികാരികൾ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം വിടുതൽ ചെയ്യേണ്ടതാണ്.

സ്ഥാനക്കയറ്റം ലഭിച്ച ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർ പുതിയ തസ്തികയിൽ പ്രവേശിച്ച് തുടർച്ചയായ ഒരു വർഷത്തെ നിരീക്ഷണകാലം പൂർത്തിയാക്കേണ്ടതാണ്.

സ്ഥലംമാറ്റ/സ്ഥാനക്കയറ്റ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരി ക്കുന്നതാണ്. വ്യക്തിഗത ഉത്തരവുകൾ അയക്കുന്നതല്ല. ടി ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് അതാത് കാര്യാലയങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിനും വിടുതൽ ചെയ്യുന്നതിനും ഉപയോഗിക്കേണ്ടതാണ്.

(ഒപ്പ്)
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

// അംഗീകാരത്തോടെ //

സൂപ്രണ്ട്

സ്വീകർത്താവ് :

ബന്ധപ്പെട്ട ജീവനക്കാർക്ക് (വെബ്സൈറ്റ് മുഖാന്തരം)

പകർപ്പ് :

1. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ (സി.എ. മുഖേന)
3. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ജനറൽ)
4. സൂപ്രണ്ട് 'എസ്.വൈ' സെക്ഷൻ
5. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
6. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
7. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
8. എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ്ചെയർമാൻ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
10. കരുതൽ ഫയൽ